(എഫ്) 23-1-2010-ലെ G.O.(Rt)No.184/2010/H.Edn. പ്രകാരം കേരള ഓപ്പൺ യൂണിവേഴ്സിറ്റിയിലെ സ്പെഷ്യൽ ഓഫീസറായും 6-4-2010-ലെ G.O. (Rt)No.718/2010/H.Edn. പ്രകാരം ഉന്നത വിദ്യാഭ്യാസ വകുപ്പിലെ എക്സ്-ഒഫീഷ്യോ ഡെപ്യൂട്ടി സെക്രട്ടറിയായും നിയമിച്ച ശ്രീ. സയിദ് റഷീദിന് 24-2-2011 മുതൽ എൽ.ബി.എസ്. ഡയറക്ടറുടെ അധിക ചുമതലകൂടി നൽകിയിട്ടുണ്ട്. കൂടാതെ 25-11-2014-ലെ G.O.(Rt)No.2785/2014/H.Edn. പ്രകാരം ഗ്ലോബൽ എഡ്യൂക്കേഷൻ മീറ്റിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള സ്പെഷ്യൽ ഓഫീസറായും അദ്ദേഹത്തെ നിയമിച്ചിട്ടുണ്ട്. അദ്ദേഹം ഇപ്പോഴും മേൽപ്പറഞ്ഞ സ്ഥാനങ്ങൾ വഹിക്കുന്നുണ്ട്. ടി സ്ഥാനങ്ങളിൽ ടിയാന്റെ സേവനം അനിവാര്യമായതിനാലാണ് ടി സ്ഥാനങ്ങളിൽ ഇപ്പോഴും നിലനിർത്തിയിരിക്കുന്നത്.

(ജി) ടിയാന്റെ ഡെപ്യൂട്ടേഷൻ സംബന്ധിച്ച ഫയലിൽ P&ARD-യുടെയും നിയമ വകുപ്പിന്റെയും അഭിപ്രായം ആരാഞ്ഞിരുന്നില്ല. ശ്രീ. സയിദ് റഷീദിന്റെ വിടുതൽ സംബന്ധിച്ച് സർക്കാർ തീരുമാനമെടുത്തിട്ടില്ല. ടിയാന്റെ നിയമനം സംബന്ധിച്ച ഫയലിന്റെ പകർപ്പ് അനുബന്ധം (സി) ആയി ചേർക്കുന്നു.*

ഐ.എ.എസ്. അക്കാദമി ആരംഭിക്കാൻ നടപടി

48 (1912) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് ഐ.എ.എസ്. അക്കാദമി ആരംഭിച്ചിട്ടുള്ളത് ; ആയതിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) ഇടുക്കി ജില്ലയിൽ കട്ടപ്പന കേന്ദ്രീകരിച്ച് ഐ.എ.എസ്. അക്കാദമി ആരംഭിക്കണമെന്ന പ്രഖ്യാപനം നടപ്പിൽ വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുഘട്ടം വരെയായി ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് തിരുവനന്തപുരം, കോഴിക്കോട്, പാലക്കാട് ജില്ലകളിൽ കേരള സംസ്ഥാന സിവിൽ സർവ്വീസ് അക്കാദമിയുടെ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2014-ൽ പ്രവർത്തനമാരംഭിച്ച ടി കേന്ദ്രങ്ങളിൽ സിവിൽ സർവ്വീസ് പ്രിലിമിനറി പരീക്ഷ ക്ലാസ്സുകൾ വിജയകരമായി നടത്തിവരുന്നു. പരിശീലന ക്ലാസ്സുകൾ മികച്ച

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഗണനിലവാരത്തോടുകൂടി കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരും സിവിൽ സർവ്വീസ് പരീക്ഷ പരിശീലനത്തിൽ പരിചയ സമ്പന്നരുമായ അദ്ധ്യാപകരാണ് അക്കാദമിയുടെ വിജയത്തിന്റെ പ്രധാന ഘടകം. വിശദമായ വിലയിരുത്തൽ നടത്തിയിട്ടില്ല.

(ബി) ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ നിലവിലുള്ള മൂന്ന് കേന്ദ്രങ്ങൾക്ക് പുറമേ നിർദ്ദിഷ്ട ചെങ്ങന്നൂർ, മൂവാറ്റുപുഴ, കോന്നി കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തിയശേഷം പുതിയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന്റെ സാദ്ധ്യത പരിശോധിക്കുന്നതാണ്.

ഐ.എ.എസ്., ഐ.പി.എസ്. ഒഴിവുകളിലേക്ക് നിയമനങ്ങൾ

49 (1913) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഐ.എ.എസ്., ഐ.പി.എസ്. കേഡറിൽപ്പെട്ട എത്ര ഉദ്യോഗസ്ഥന്മാരുണ്ട് ; നിലവിലുള്ള ഒഴിവുകൾ എത്ര ; പ്രസ്തുത ഒഴിവുകളിലേക്ക് നോൺ-കേഡറിൽപ്പെട്ട എത്രപേരെ നിയോഗിച്ചിട്ടുണ്ട് ; അവർ ആരൊക്കെ ;

(ബി) ഐ.എ.എസ്., ഐ.പി.എസ്. കേഡറിൽ, നോൺ-കേഡറിൽപ്പെട്ട ഉദ്യോഗസ്ഥരെ നിയമിക്കുന്നതു സംബന്ധിച്ച് കേന്ദ്രഗവൺമെന്റ് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) എങ്കിൽ, പ്രസ്തുതനിർദ്ദേശത്തിനു വിരുദ്ധമായുള്ള നിയമനങ്ങൾ ഇപ്പോഴും നിലവിലുണ്ടോ ; അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ; ഇപ്രകാരം നിയമിച്ച നടപടി തിരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കേന്ദ്ര ഡെപ്യൂട്ടേഷൻ, ലീവ് റിസർവ്, ജൂനിയർ റിസർവ് എന്നിവയുൾപ്പെടെ ഐ.എ.എസ്. കേഡറിൽ 155 ഉദ്യോഗസ്ഥരും ഐ.പി.എസ്. കേഡറിൽ 127 ഉദ്യോഗസ്ഥരുമുണ്ട്. ഐ.എ.എസ്-ൽ 126 കേഡർ തസ്തികകളിൽ നിലവിൽ 61 ഒഴിവുകളുണ്ട്. ഇതിൽ 23 നോൺ കേഡർ ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്. ബാക്കിയുള്ള ഒഴിവുകൾ നിലവിലുള്ള ഉദ്യോഗസ്ഥർക്ക് അധിക ചുമതലയായി നൽകിയിട്ടുണ്ട്. ഐ.പി.എസ്.-ലെ 89 കേഡർ തസ്തികകളിൽ നിലവിൽ 18 ഒഴിവുകളുണ്ട്. അതിൽ ആംഡ് പോലീസ് ബറ്റാലിയൻ കമാണ്ടന്റിന്റെ ഒരൊഴിവിൽ നോൺ-കേഡർ ഉദ്യോഗസ്ഥനെ നിയോഗിച്ചിട്ടുണ്ട്.